| | | |
|---|---|---|
| വേതനം | | |
| തനത് ഫണ്ട് അഡ്വാൻസ് (തിരികെ നൽകിയത്) | 674,945 | |
| ഭരണചെലവുകൾ | 547,009 | |
| നീക്കിയിരുപ്പ് | | 0 |

## 1-7 ക്ഷേമപദ്ധതികൾ

2020-21 വർഷം വിവിധ ക്ഷേമ പദ്ധതികൾക്കായി ചെലവഴിച്ച തുകയുടെ വിശദാംശം, ഗുണഭോക്താക്കളുടെ എണ്ണം എന്നിവ താഴെ ചേർത്തിരിക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 8640 | 12 |
| വാർദ്ധക്യകാലപെൻഷൻ | 26636100 | 1862 |
| കർഷകതൊഴിലാളി പെൻഷൻ | 3635900 | 220 |
| വിധവാപെൻഷൻ | 8074800 | 553 |
| 50 വയസിലധികം പ്രായമുള്ള അവിവാഹിത പെൻഷൻ | 817000 | 56 |
| വികലാംഗപെൻഷൻ | 3518800 | 229 |
| വിവാഹ ധനസഹായം | 90000 | 2 |

## 1-8 കാഷ് വേരിഫിക്കേഷൻ

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 6(4)-ാം വകുപ്പ് പ്രകാരം സംസ്ഥാന ഓഡിറ്റ് വകുപ്പ് 2020-21 ധനകാര്യ പത്രികയുടെ ഓഡിറ്റിന്റെ ഭാഗമായി ഗ്രാമപഞ്ചായത്തിന്റെ ക്യാഷ് ബാലൻസ് പരിശോധന 13/06/2022-ന് 03:30 PM ന് അക്കൗണ്ടന്റിന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പ്രസ്തുത പരിശോധനയിൽ 2461/- രൂപ ക്യാഷ് നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തരനിയന്ത്രണം

പഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനത്തിന്റെ പൊതുവായ വിലയിരുത്തൽ ചുവടെ ചേർക്കുന്നു.

ഏതൊരു സ്ഥാപനത്തിന്റെയും ഭരണപരമായ പ്രവർത്തനങ്ങൾ കാര്യക്ഷമമായി മുന്നോട്ട് കൊണ്ടുപോകുന്നതിന് ഫലപ്രദമായ ആഭ്യന്തര നിയന്ത്രണ സംവിധാനം അനിവാര്യമാണ്. ഗ്രാമപഞ്ചായത്തിന്റെ വിവിധ മേഖലയിലെ പ്രവർത്തനം വിലയിരുത്തുമ്പോൾ ആഭ്യന്തര നിയന്ത്രണസംവിധാനം നിലനിർത്തുന്നതിൽ ഗ്രാമപഞ്ചായത്ത് കാര്യക്ഷമമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

**1) പൊതുനിയന്ത്രണം**

ആഭ്യന്തര നിയന്ത്രണ സംവിധാന നിർവ്വഹണം ഉത്തരവാദിത്തമായി ഉൾക്കൊണ്ടുകൊണ്ട് ഗ്രാമ പഞ്ചായത്തിലെ മൊത്തത്തിലുള്ള ജോലി വിഭജനം നിർണ്ണയിക്കുന്നതിനും അവ പരിഹരിക്കുന്നതിനുമുള്ള നടപടികൾ അധികൃതർ സ്വീകരിച്ചിട്ടുണ്ട്.

**2) അക്കൗണ്ടിംഗ് സംവിധാനം (Sankhya Software മുഖേന)**

അക്കൗണ്ടിംഗ് ചട്ടത്തിൽ നിഷ്കർഷിച്ചിട്ടുള്ള പ്രകാരം സാംഖ്യ സോഫ്റ്റ്വെയറിലധിഷ്ഠിതമായ ഡബിൾ

എൻടി അക്കൗണ്ടിംഗ് സംവിധാനം പിൻതുടരുന്നു. 4.09.2020 മുതൽ ILGMS സംവിധാനത്തിലുള്ള അക്കൗണ്ടിംഗ് സമ്പ്രദായം ആരംഭിച്ചിട്ടുണ്ട് . വിശദാംശങ്ങൾ ഖണ്ഡിക 1-11-യിൽ സൂചിപ്പിച്ചിട്ടുണ്ട്.

**3) ക്യാഷ്, ബാങ്ക് നിയന്ത്രണം**

ഓരോ ഇടപാടുകൾ സംബന്ധിച്ചും ഫലപ്രദമായ കാഷ്/ബാങ്ക് നിയന്ത്രണത്തിൽ അപാകതകൾ നിലവിലില്ല. നിലവിലുള്ള എല്ലാ ബാങ്ക് അക്കൗണ്ടുകളുടെയും ലിസ്റ്റ്, ചെക്ക്/ഡി.ഡി. എന്നിവയുടെ രേഖകൾ ക്യാഷ്/ബാങ്ക് മുഖേനയുള്ള വരവ് ചെലവുകളുടെ രേഖപ്പെടുത്തൽ, സൂക്ഷിപ്പ്, വരവിൽ നിൽക്കുന്ന ക്യാഷിന്റെ നിക്ഷേപം, ചെലവുകൾ വേർതിരിച്ച് നിയന്ത്രിച്ചും, ചെലവുകൾ വ്യക്തമായി ബിൽ രജിസ്റ്ററിൽ രേഖപ്പെടുത്തിയും ബാങ്ക് റിക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് തയ്യാറാക്കിയുമുള്ള ക്യാഷ്/ബാങ്ക് സംബന്ധിച്ച വ്യക്തമായ സംവിധാനം അവലംബിച്ചിട്ടുണ്ട്.

**4) നികുതി നികുതിയേതര വരവുകളുടെ നിയന്ത്രണ സംവിധാനം**

നികുതി നികുതിയേതര വരുമാനങ്ങൾ കൃത്യമായി നിർണ്ണയിക്കുന്നതിലും പിരിച്ചെടുക്കുന്നതിലും ഭരണസമിതിയുടെയും ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയുടെയും ഫലപ്രദമായ ഇടപെടലുകൾ സംബന്ധിച്ച് മിനിട്ട്സ് ബുക്കുകളിൽ രേഖപ്പെടുത്തലുകൾ ഉണ്ടായിട്ടുണ്ട്. എങ്കിലും വസ്തുനികുതി ഉൾപ്പെടെയുള്ള വരവിനങ്ങളിൽ കുടിശ്ശിക അവശേഷിക്കുന്നുണ്ട്.

**5) വാങ്ങലുകളിന്മേലും നിർമ്മാണ പ്രവൃത്തികളിന്മേലുള്ള നിയന്ത്രണം**

പ്രൊക്യുർമെന്റ് കമ്മറ്റി രൂപീകരിച്ചിട്ടുണ്ട്. പ്രൊക്യുർമെന്റ് കമ്മറ്റിയുടെ നിരീക്ഷണത്തിലും അംഗീകാരത്തോടും കൂടിയ പ്രോക്യുർമെന്റ് മാനുവൽ അനുസരിച്ചുള്ള പ്രവൃത്തികളും വാങ്ങലുകളും മാത്രമാണ് നടത്തിയിട്ടുള്ളത്.

**6) പേ റോൾ നിയന്ത്രണം**

ജീവനക്കാരെ സംബന്ധിക്കുന്ന എല്ലാ രേഖകളും കൃത്യമായി സൂക്ഷിച്ചും, സ്ഥാപന സോഫ്റ്റ്‌വെയർ വഴി രേഖപ്പെടുത്തിയുള്ള പേ റോൾ നിയന്ത്രണം നിലവിലുണ്ട്.

**7) രജിസ്റ്ററുകളുടെ സൂക്ഷിപ്പ്**

കേന്ദ്ര/സംസ്ഥാന ഫണ്ട് വിഹിതങ്ങളുടെ വിശദാംശങ്ങൾ രേഖപ്പെടുത്തി ബി4-പട്ടികയുമായി ബന്ധപ്പെടുത്തി സൂക്ഷിക്കേണ്ട ACRസൂക്ഷിയ്ക്കുന്നില്ല. സ്ട്രീറ്റ് ലൈറ്റ് രജിസ്റ്റർ, വാട്ടർ ചാർജ്ജ് രജിസ്റ്റർ, സ്യൂട്ട് രജിസ്റ്റർ, ലോൺ രജിസ്റ്റർ, സർക്കാരിലേയ്ക്ക് അടവാക്കാനുള്ള ബാദ്ധ്യതകളുടെ രജിസ്റ്റർ എന്നിവ കൃത്യമായും കാലികമായും സൂക്ഷിച്ചിട്ടില്ല.

**8) ആസ്തി നിയന്ത്രണം ഫലപ്രദമല്ല**

ആസ്തിയുടെ വിൽപ്പനയും വാങ്ങലുകളും ആസ്തികളുടെ മൂല്യ വർദ്ധനവ്/ശോഷണം ഉടങ്ങിയ വിവരങ്ങൾ യഥാസമയം രേഖപ്പെടുത്തി ആസ്തി രജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

**9) ഓഡിറ്റ് റിപ്പോർട്ടിൻമേലുള്ള പഞ്ചായത്ത് തീരുമാനം**

1997-ലെ കേരള പഞ്ചായത്ത് രാജ് (പരിശോധന രീതിയും ആഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം15(2)- പ്രകാരം ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിൻമേൽ പഞ്ചായത്ത് എടുത്ത തീരുമാനങ്ങളുടെയും പകർപ്പ് പഞ്ചായത്ത് നോട്ടീസ് ബോർഡിൽ പ്രസിദ്ധപ്പെടുത്തേണ്ടതാണ്. ഓഡിറ്റ് റിപ്പോർട്ട് ഗ്രാമസഭകളിൽ ചർച്ചയ്ക്ക് വച്ച് സോഷ്യൽ ഓഡിറ്റിന് വിധേയമാക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

**1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം**

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 07.06.2022 – -09.06.2022 | 7/21 – 12/21 | --- |
| അക്കൗണ്ടന്റ് | 16.12.2013-31.12.2013 | 2008-09 | LBA(HQ) |

| | | | | |
|---|---|---|---|---|
| | ജനറലിന്റെ ഓഡിറ്റ് | | മുതൽ 2012-13 വരെ | 2/8എ.2034 /19.തീയതി 29.01.2014 |

## 1-11 ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 204, 1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങൾ എന്നിവ പ്രകാരം പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഡിമാൻറ് ചെയ്ത് ഈടാക്കേണ്ടതാണ്. 2020-21 സാമ്പത്തിക വർഷം ഞീഴൂർ ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന താഴെപ്പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്ന് തൊഴിൽ നികുതി ഈടാക്കിയതായി തൊഴിൽ നികുതി രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല.

| ക്രമ നമ്പർ | സ്ഥാപനം | അർദ്ധ വർഷം |
|---|---|---|
| 1 | മാതാ ഡെന്റൽ ക്ലിനിക്, ഞീഴൂർ | 1,2 ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. |
| 2 | സെന്റ് ഫ്രാൻസിസ് ഹോമിയോ ക്ലിനിക്, ഞീഴൂർ | 1,2 |
| 3 | ഞീഴൂർ അഗ്രികൾച്ചറൽ ഇംപ്രൂവ്മെന്റ് കോപ്പറേറ്റീവ് സൊസൈറ്റി, ഞീഴൂർ | 1,2 ✓ |

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (18/20.06.22) പരാമർശിത സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. പ്രസ്തുത ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കി വിശദാംശം അറിയിക്കേണ്ടതാണ്.

## 1-12 പഞ്ചായത്ത് ഉടമസ്ഥതയിലുള്ള കട മുറി ലേലം ചെയ്യാതെ നിഷ്ക്രിയാസ്തിയായി തുടരുന്നു

വാടക/ ലേല രജിസ്റ്റർ പരിശോധിച്ചതിൽ ഗ്രാമ പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ളതും 2019-20 സാമ്പത്തിക വർഷം പ്രതി മാസം 1300 രൂപ നിരക്കിൽ വാടക ഈടാക്കിയിട്ടുള്ളതുമായ XIV/445 നമ്പർ കട മുറിയുടെ കുത്തകാവകാശം 2020-21 സാമ്പത്തിക വർഷം ലേലം ചെയ്തതായി കാണുന്നില്ല. ആയതിന് വിശദീകരണം ലഭ്യമാക്കേണ്ടതിനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (17/20.06.22) പട്ടിക ജാതി പട്ടിക വർഗ്ഗ വിഭാഗത്തിന് സംവരണം ചെയ്തിട്ടുള്ള പ്രസ്തുത കട മുറിയുടെ ലേലം നടത്തുന്നതിന് ഒട്ടേറെ തവണ നടപടികൾ സ്വീകരിച്ചിട്ടുണ്ടെങ്കിലും ലേലം കൊള്ളുന്നതിന് ആരും തയ്യാറാകാത്തത് മൂലമാണ് മുറി ഒഴിഞ്ഞ് കിടക്കുന്നതെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. പരാമർശിത കടമുറി ലേലം ചെയ്ത് വിവരമറിയിക്കേണ്ടതാണ്.

## 1-13 ലൈസൻസ് അപേക്ഷകളിൽ ജീവനക്കാരുടെ എണ്ണം ലഭ്യമായിരുന്നിട്ടും തൊഴിൽ നികുതി ഡിമാൻഡ് ചെയ്ത് ഈടാക്കിയിട്ടില്ല

ഗ്രാമപഞ്ചായത്തിന്റെ പരിധിയിൽ പ്രവർത്തിക്കുന്ന താഴെകൊടുത്തിട്ടുള്ള സ്ഥാപനങ്ങൾ/ചെറുകിട

വ്യവസായ സ്ഥാപനങ്ങൾ ലൈസൻസിനായി സമർപ്പിക്കുന്ന അപേക്ഷയോടൊപ്പം സ്ഥാപനത്തിൽ ജോലിക്ക് നിയോഗിച്ചിട്ടുള്ള ജീവനക്കാരുടെ എണ്ണവും രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ 2020-21 സാമ്പത്തിക വർഷം ടി ജീവനക്കാരുടെ തൊഴിൽനികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ലായെന്ന ലൈസൻസ് സംബന്ധമായ രേഖകളും തൊഴിൽ നികുതി രജിസ്റ്ററും ഒത്ത് നോക്കി പരിശോധിച്ചതിൽ നിന്നും വ്യക്തമായിട്ടുണ്ട്. ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | സ്ഥാപനം | ജീവനക്കാരുടെ എണ്ണം |
|---|---|---|
| 1 | സെന്റ് മേരീസ് ഗ്രാനൈറ്റ്സ്, ഞീഴൂർ | 4 |
| 2 | ഒരുമ ചാരിറ്റബിൾ സൊസൈറ്റി, ഞീഴൂർ | 6 |
| 3 | ഡെസ്റ്റിൽ ഡ്രീം ട്രേഡിംഗ്, ഞീഴൂർ | 4 |
| 4 | നാച്ചുറൽ ഫുഡ് പ്രോഡക്ട്, ഞീഴൂർ | 4 |
| 5 | മധുരിമ വാല്യൂ അഡീഷൻ യൂണിറ്റ്, ഞീഴൂർ | 5 |
| 6 | ഡയസ് ഓൺലൈൻ സൊല്യൂഷൻസ്, ഞീഴൂർ | 4 |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (16/20.06.22) പ്രസ്തുത സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. തൊഴിൽ നികുതി പൂർണ്ണമായി ഈടാക്കി വിവരമറിയിക്കേണ്ടതാണ്.

**1-14 വാണിജ്യ-വ്യവസായ ആവശ്യങ്ങൾക്കായി വസ്തുനികുതി നിർണ്ണയിച്ച കെട്ടിടങ്ങളിലെ എണ്ണത്തിലും ലൈസൻസ് ലിസ്റ്റിൽ ഉൾപ്പെട്ട സ്ഥാപനങ്ങളുടെ എണ്ണത്തിലും വ്യതിയാനം**

സംരംഭകത്വ സ്ഥാപനങ്ങളുടെ ലൈസൻസ് രജിസ്റ്റർ പ്രകാരം തൻവർഷം 142 സ്ഥാപനങ്ങളാണ് ലൈസൻസ് അപേക്ഷ നൽകിയത്. പഞ്ചായത്തിലെ സഞ്ചയ സോഫ്റ്റ്‌വെയറിൽ നിന്നും ലഭ്യമായ വാണിജ്യാവശ്യത്തിനായി വസ്തുനികുതി നിർണ്ണയിച്ച കെട്ടിടങ്ങളുടെ എണ്ണം ചുവടെ ചേർക്കുന്നു.

| കെട്ടിടത്തിന്റെ നികുതി നിർണ്ണയത്തിന്റെ ഇനം | എണ്ണം |
|---|---|
| വാണിജ്യാവശ്യത്തിനുള്ള 100 ച.മീ. വരെ തറ വിസ്തീർണ്ണമുള്ള കെട്ടിടങ്ങൾ | 468 |
| വാണിജ്യാവശ്യത്തിനുള്ള 100 ച.മീ.-യിൽ കൂടുതൽ തറ വിസ്തീർണ്ണമുള്ള കെട്ടിടങ്ങൾ | 20 |
| വാണിജ്യാവശ്യത്തിനുള്ള 200 ച.മീ.-യിൽ കൂടുതൽ തറ വിസ്തീർണ്ണമുള്ള കെട്ടിടങ്ങൾ | 6 |
| വാണിജ്യാവശ്യത്തിനുള്ള പെട്ടിക്കടകൾ ബങ്കുകൾ | 31 |
| ഓഫീസ് ആവശ്യം | 48 |
| വ്യവസായാവശ്യത്തിനുള്ളവ | 45 |
| **ആകെ എണ്ണം** | **618** |

സഞ്ചയ സോഫ്റ്റ്‌വെയറിലെ വിശദാംശം പ്രകാരം, പഞ്ചായത്ത് പരിധിയിൽ 618 കെട്ടിടങ്ങൾ

വിവിധ വാണിജ്യ വ്യവസായ ആവശ്യങ്ങൾക്കായി ഉപയോഗിക്കുന്നുണ്ട്. എന്നാൽ 142 സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നതിന് മാത്രമെ തൻവർഷം പഞ്ചായത്ത് ലൈസൻസ് അനുവദിച്ചിട്ടുള്ളൂ. പ്രസ്തുത കണക്കുകളിൽ നിന്നും ധാരാളം വാണിജ്യ-വ്യവസായ സ്ഥാപനങ്ങൾ പഞ്ചായത്തിന്റെ ലൈസൻസില്ലാതെ പ്രവർത്തിക്കുന്നുണ്ടെന്ന് വ്യക്തമാണ്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (19/20.06.22) വാണിജ്യാവശ്യത്തിനായി അസസ്സ് ചെയ്ത കെട്ടിടങ്ങളിൽ പകുതിയിലേറെയും ഒഴിഞ്ഞു കിടക്കുന്നു മൂലമോ ലൈസൻസ് സമ്പാദിച്ചയാൾ ഒന്നിലേറെ മുറികൾ സ്ഥാപനത്തിനായി ഉപയോഗിക്കുന്നു മൂലമോ ആണ് ലൈസൻസ് നൽകപ്പെട്ട കെട്ടിടങ്ങളുടെയും വാണിജ്യ വ്യവസായ സ്ഥാപനങ്ങൾ എന്ന ഗണത്തിൽ വരുന്ന കെട്ടിടങ്ങളുടെയും എണ്ണത്തിൽ അന്തരമുണ്ടായിട്ടുള്ളത് എന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ഈ വിഷയത്തിൽ വിശദമായ അന്വേഷണം നടത്തി പഞ്ചായത്തിലെ എല്ലാ വാണിജ്യ-വ്യവസായ സ്ഥാപനങ്ങളെയും ലൈസൻസ് പരിധിയിൽ ഉൾപ്പെടുത്താൻ ശ്രദ്ധിക്കേണ്ടതാണ്. വാർഡ് അടിസ്ഥാനത്തിലുള്ള ഡെയ്ഞ്ചേഴ്സ് ലിസ്റ്റ് ആധികാരികമായി തയ്യാറാക്കി പഞ്ചായത്ത് പരിധിയിലുള്ള എല്ലാ വ്യാപാരികളെയും ഉൾപ്പെടുത്തിയിട്ടുണ്ടെന്ന് ഉറപ്പാക്കേണ്ടതാണ്.

### 1-15 പത്രപരസ്യം- അനുവദനീയമായ ഡിസ്കൗണ്ട് ലഭ്യമാക്കിയില്ല

ഗ്രാമ പഞ്ചായത്ത് കാട്ടാമ്പാക്ക് പി എച്ച് സി നിർമ്മാണവുമായി ബന്ധപ്പെട്ട് മണ്ണ് ലേലം ചെയ്യുന്നതിനുള്ള പരസ്യങ്ങൾ ദിനപ്പത്രങ്ങളിൽ പ്രസിദ്ധീകരിച്ച ഇനത്തിൽ താഴെ ചേർക്കുന്ന പ്രകാരം പത്രസ്ഥാപനങ്ങൾക്ക് തുക നൽകിയിട്ടുണ്ട്. അന്വേഷണകുറിപ്പ് നം. 13/20.06.2022ന് മറുപടി ലഭ്യമാക്കിയിട്ടില്ല. ജി.ഒ.(ആർ.ടി)1/2011/പി.ആന്റ്.എ.ആർഡി, തീ. 04.01.2011 നമ്പർ ഉത്തരവ് പ്രകാരം സർക്കാർ സ്ഥാപനങ്ങളുടെ പരസ്യങ്ങൾക്ക് 15% ഡിസ്കൗണ്ട് അനുവദിക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ മാതൃഭൂമി, മലയാള മനോരമ ദിനപ്പത്രങ്ങളിൽനിന്നും താഴെ ചേർക്കുന്ന പരസ്യങ്ങൾക്ക് ഇത്തരത്തിൽ 15% ഡിസ്കൗണ്ട് ലഭിച്ചിട്ടില്ല.

| ക്രമ നമ്പർ | സ്ഥാപനം | പരസ്യ തീയതി | തുക | ലഭ്യമാകേണ്ട ഡിസ്കൗണ്ട് |
|---|---|---|---|---|
| 1 | മലയാള മനോരമ | 14.10.2020 | 7182 | 1077 |
| 2 | മാതൃഭൂമി | 28.10.2020 | 3071 | 461 |

ഭാവിയിൽ പത്രങ്ങൾക്ക് പരസ്യം നൽകുമ്പോൾ സർക്കാർ ഉത്തരവ് പ്രകാരമുള്ള ഡിസ്കൗണ്ട് ലഭിക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. അല്ലാത്തപക്ഷം അധികം ചെലവഴിക്കുന്ന തുക പരസ്യം നൽകുന്നതിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥന്റെ ബാധ്യത ആയിരിക്കുന്നതാണ്.

### 1-16 വാഹനങ്ങളുടെ ഇൻഷ്വറൻസ്- സർക്കാർ നിർദ്ദേശം പാലിക്കുന്നില്ല

ഗ്രാമ പഞ്ചായത്തിന്റെ പേരിൽ മൂന്ന് വാഹനങ്ങൾ നിലവിലുണ്ട്. ( KL-67/060-ഓമ്നി ആംബുലൻസ് , KL-36B/044- ബൊലേറോ ജീപ്പ് , KL-67A/6436- സ്കൂട്ടർ ). GO(P) 819/2000/Fin/18.04.2000 നമ്പർ സർക്കാർ ഉത്തരവ് , 21.02.14- ലെ 16/14/Fin നമ്പർ സർക്കുലർ എന്നിവ പ്രകാരം, സർക്കാർ/അനുബന്ധ സ്ഥാപനങ്ങൾ അവയുടെ ജനറൽ ഇൻഷ്വറൻസ് പോളിസികൾ സർക്കാരിന്റെ തന്നെ വകുപ്പായ കേരളാ സ്റ്റേറ്റ് ഇൻഷ്വറൻസ് ഡിപ്പാർട്ട്മെന്റ് മുഖേന എടുക്കണമെന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്തിലെ മൂന്ന് വാഹനങ്ങളുടെ ഇൻഷ്വറൻസ് സ്വകാര്യ ഏജൻസികൾ മുഖേനയാണ് എടുക്കുന്നത്. ആയത് സർക്കാർ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായതിനാൽ തുടർന്നുള്ള വർഷങ്ങളിലെ വാഹന ഇൻഷ്വറൻസ് പുതുക്കുമ്പോൾ സർക്കാർ ഉത്തരവിലെ നിർദ്ദേശപ്രകാരം കേരള സംസ്ഥാന ഇൻഷ്വറൻസ് വകുപ്പ് മുഖേന എടുക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. വിശദീകരണം ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പിന് (14/20.06.2022) 2023-24 മുതൽ ഓഡിറ്റ് നിർദ്ദേശം പാലിക്കണമെന്ന് മറുപടി നൽകിയിട്ടുണ്ട്.

**1-17 കാട്ടാമ്പാക്ക് - പി എച്ച് സി - ലാബ് അടിസ്ഥാന സൗകര്യ വികസനം- പദ്ധതി പൂർത്തീകരണം സംബന്ധിച്ച വിവരം ലഭ്യമല്ല.**

ഗ്രാമ പഞ്ചായത്തിലെ കാട്ടാമ്പാക്ക് പി എച്ച് സി യിൽ ലാബ് സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് താഴെ ചേർക്കുന്ന പ്രവൃത്തികൾ നടപ്പാക്കിയിട്ടുണ്ട്.

| ക്രമ നമ്പർ | വൗച്ചർ നമ്പർ | തീയതി | തുക | പ്രവൃത്തി |
|---|---|---|---|---|
| 1 | 22000110 | 13/05/2020 | 13800 | പ്ലംബിംങ്ങ് , വയറിങ്ങ് (പ്രോജക്ട് നം. 265/21) |
| 2 | 22000111 | 13/05/2020 | 11200 | ടേബിൾ നിർമ്മാണം , ഗ്രാനൈറ്റ് സ്ളാബ് സ്ഥാപിക്കൽ (പ്രോജക്ട് നം. 265/21) |
| 3 | 22000114 | 14/05/2020 | 10000 | ലാബ് പാർട്ടീഷനിങ്ങ് അഡ്വാൻസ് തുക നൽകൽ (അഡ്വാൻസ് നൽകിയത്) |

മേൽ പ്രവൃത്തികളിൽ ക്രമ നമ്പർ 1 ,2 എന്നീ പ്രവൃത്തികൾ നിർവ്വഹിച്ചതിന് കരാറുകാരനായ ശ്രീ രാജേഷ് പി.എസ്. ന് തുക നൽകിയിട്ടുണ്ട്. ക്രമ നമ്പർ 3 പ്രകാരമുള്ള പ്രവൃത്തി നിർവഹിക്കുന്നതിന് പി എച്ച് സി മെഡിക്കൽ ഓഫീസറുടെ പേർക്ക് അഡ്വാൻസ് ആയി തുക നൽകുകയാണ് ചെയ്തിട്ടുള്ളത്. ടി പ്രവൃത്തി സംബന്ധിച്ച് താഴെ ചേർക്കുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടു .

1. ക്രമ നമ്പർ 1 ,2 എന്നീ പ്രവൃത്തികൾ നിർവ്വഹിച്ചതിന് കരാറുകാരനായ ശ്രീ രാജേഷ് പി എസ് ന് തുക നൽകിയിട്ടുണ്ടെങ്കിലും ടി പ്രവൃത്തിയുടെ വാല്യുവേഷൻ എൽ എസ് ജി ഡി എഞ്ചിനീയർ സാക്ഷ്യപ്പെടുത്തിയത് ലഭ്യമല്ല.

2. ക്രമ നമ്പർ 3 പ്രകാരമുള്ള പ്രവൃത്തി നിർവഹിക്കുന്നതിന് പി എച്ച് സി മെഡിക്കൽ ഓഫീസറുടെ പേർക്ക് അഡ്വാൻസ് ആയി തുക നൽകിയിട്ടുണ്ടെങ്കിലും പ്രവൃത്തി പൂർത്തീകരിച്ചതിന്റെ വിവരം, വാല്യുവേഷൻ, അഡ്വാൻസ് ക്രമീകരിച്ചതിന്റെ വിവരം എന്നിവ ലഭ്യമല്ല.

ഈ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.15/20.06.2022) ലഭിച്ച മറുപടിയിൽ ടി പ്രവൃത്തികൾ തൃപ്തികരമായി പൂർത്തീകരിച്ചിട്ടുള്ളതാണെന്നും, ലാബ് നിലവിൽ പ്രവർത്തിക്കുന്നുണ്ടെന്നും വ്യക്തമാക്കിയിട്ടുണ്ട്. ടി പ്രവൃത്തിക്കായി നൽകിയ അഡ്വാൻസ് ക്രമീകരിക്കേണ്ടതും, പ്രവൃത്തികളുടെ വാല്യുവേഷൻ എഞ്ചിനീയറെക്കൊണ്ട് സാക്ഷ്യപ്പെടുത്തി പരിശോധനയ്ക്കായി ലഭ്യമാക്കേണ്ടതുമാണ്.

**1-18 തുടർസാക്ഷരത -രേഖകൾ ലഭ്യമായില്ല.**

| | |
|---|---|
| പ്രോജക്ട് നമ്പർ | 32/20-21 |
| പ്രോജക്റ്റിന്റെ പേര്, ഫണ്ടിനം | തുടർസാക്ഷരത ഫീസ് വികസനഫണ്ട് (ജനറൽ) |
| ചെലവ് | 12200/- |
| ബിൽ നമ്പർ , തീയതി | 1/10.2.21 |

M.O

| | |
|---|---|
| നിർവ്വഹണോദ്യാഗസ്ഥൻ | ഹെഡ്മാസ്റ്റർ |

+1 , +2 ഇല്യതാ പരീക്ഷ ഫീസിനത്തിൽ 8 പഠിതാക്കൾക്ക് ഫീസിനത്തിൽ 12200 രൂപ സാക്ഷരതാമിഷന് നൽകിയിട്ടുണ്ട്. 7 പഠിതാക്കൾ കോഴ്സിന് രജിസ്റ്റർ ചെയ്തതിന്റെയും പരീക്ഷയ്ക്കായി അഡ്മിഷൻ ചെയ്തതിന്റെയും രേഖകൾ ലഭ്യമാക്കിയിട്ടുണ്ട്. എന്നാൽ ശ്രീമതി അനജോസഫ് കണ്ടത്തിൽ എന്ന പഠിതാവിന്റെ അഡ്മിഷൻ ടിക്കറ്റ് ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (നമ്പർ 1/16.06.2022) നൽകകയുണ്ടായി. ശ്രീമതി അന ജോസഫ് പരീക്ഷയ്ക്ക് ഹാജരാകാതെ വിദേശത്ത് പോയെന്നാണ് ലഭിച്ച മറുപടി. 2500/- രൂപ കോഴ്സ് ഫീസ് ടി ഗുണഭോക്താവിന് വേണ്ടി ചെലവഴിച്ചതാണ്. ഭാവിയിൽ കോഴ്സ് പൂർത്തിയാക്കുന്നതിന് സന്നദ്ധരായ ഗുണഭോക്താക്കളെ മാത്രം പദ്ധതിയിൽ ഉൾപ്പെടുത്തി പദ്ധതി ചെലവ് പാഴാകാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

**1-19 വൃദ്ധ ജനങ്ങൾക്ക് കട്ടിൽ - വരുമാനപരിധി പാലിച്ചില്ല.**

| | |
|---|---|
| പ്രോജക്ട് നമ്പർ | 17/20-21 |
| പ്രോജക്ടിന്റെ പേര്, ഫണ്ടിനം | വൃദ്ധ ജനങ്ങൾക്ക് കട്ടിൽ<br>വികസനഫണ്ട് (എസ്.സി.പി) |
| ചെലവ് | 57400/- |
| ബിൽ നമ്പർ , തീയതി | 5/10.2.21 |
| നിർവ്വഹണോദ്യാഗസ്ഥൻ | അസി. സെക്രട്ടറി |

എസ്.സി വിഭാഗത്തിൽപെടുന്ന 14 ഗുണഭോക്താക്കൾക്ക് തേജസ് ഫർണ്ണീച്ചർ, തലയോലപ്പറമ്പ് എന്ന സ്ഥാപനത്തിൽ നിന്നും കട്ടിൽ വാങ്ങി നൽകിയിട്ടുണ്ട്. തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ 14.2.18 ലെ ജി.ഒ (എം.എസ്) 22/18 നമ്പർ ഉത്തരവിന്റെ പൊതു നിബന്ധന ഖണ്ഡിക 2.12 പ്രകാരം പട്ടികജാതി വിഭാഗങ്ങൾക്ക് സബ്സിഡി അനുവദിക്കുന്നതിനുള്ള കുടുംബ വാർഷിക വരുമാന പരിധി മൂന്ന് ലക്ഷം രൂപയാണ്. എന്നാൽ പൊന്നമ്മ കെ.പി., ഇഞ്ചക്കപ്പറമ്പിൽ എന്ന ഗുണഭോക്താവിന്റെ കുടുംബത്തിൽ സംസ്ഥാന സർക്കാർ ജീവനക്കാരൻ ഉള്ളതായി കാണുന്നു. എന്നാൽ കുടുംബ വാർഷിക വരുമാന പരിധി തെളിയിക്കുന്ന രേഖകൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല.

ടി ഗുണഭോക്താവിന്റെ വാർഷിക വരുമാനം മൂന്ന് ലക്ഷത്തിൽ താഴെയാണെങ്കിൽ ആയത് തെളിയിക്കുന്ന രേഖകൾ സഹിതം മറുപടി ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 2/16.06.2022) മറുപടി ലഭ്യമായില്ല. അതിനാൽ 4100/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

**1-20 പി.എച്ച്.സി ക്ക് മരുന്ന് - 1550 രൂപ അധികമായി ചെലവഴിച്ചു.**

| | |
|---|---|
| പ്രോജക്ട് നമ്പർ | 35/21 |
| ചെലവ്, ഫണ്ടിനം | 140000 (റോഡിതര സംരക്ഷണ ഗ്രാന്റ് ) |
| ബിൽ നമ്പർ, തീയതി | 13 / 17.9.20 |
| നിർവ്വഹണോദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) |

പി.എച്ച്.സി ക്ക് മരുന്ന് വാങ്ങൽ എന്ന പ്രോജക്ടിനായി ജൻ ഔഷധി സമർപ്പിച്ച ഇൻവോയിസുകൾ പ്രകാരം ( നമ്പർ 86/10.8.20 , 93/14.8.20 ) 22370 രൂപയുടെ മരുന്നുകൾ വാങ്ങിയിട്ടുണ്ട്. മരുന്നുകൾ സ്റ്റോക്കിലെടുത്തിട്ടുമുണ്ട്. എന്നാൽ 23,920 രൂപ ജൻ ഔഷധിക്ക് നൽകിയിട്ടുണ്ട്. അധികമായി 1550

രൂപ നൽകിയതിന് വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (നമ്പർ 7/17.06.2022) നൽകകയുണ്ടായി. അപാകത ക്ലറിക്കൽ മിസ്റ്റേക്കായി പരിഗണിക്കണമെന്നാണ് ലഭ്യമാക്കിയ മറുപടി. അധികമായി നൽകിയ 1550 രൂപ ഉത്തരവാദിയായ നിർവ്വഹണോദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്.

**1-21 പാലിയേറ്റിവ് നെഴ്സിന് ഇൻസെന്റീവ് - സർക്കാർ നിർദ്ദേശം പാലിച്ചില്ല.**

സ.ഉ(സാധാ)നം.1615/2020/ത.സ്വ.ഭ.വ തീ.07.09.2020 പ്രകാരം കോവിഡ്-19 കാലഘട്ടത്തിൽ പ്രവർത്തിച്ച് വരുന്ന ഗ്രാമപഞ്ചായത്തിലെ പാലിയേറ്റീവ് കെയർ നേഴ്സ്മാർക്ക് 2020 മാർച്ച് മാസം മുതൽ ആറുമാസത്തേയ്ക്ക് പ്രതിമാസം 1000 രൂപ വീതം ഇൻസെന്റീവ് അനുവദിക്കാമെന്ന് നിഷ്കർഷിച്ചിരുന്നു. പ്രസ്തുത ഉത്തരവിന് തുടർച്ചയായി 05.10.2020ലെ സ.ഉ(സാധാ)നം.1820/2020/ത.സ്വ.ഭ.വ നമ്പർ ഉത്തരവിൽ പ്രസ്തുത ഇൻസെന്റീവ് 2020 സെപ്റ്റംബർ മാസം മുതൽ ആറു മാസത്തേയ്ക്ക് കൂടി പ്രതിമാസം 1000 രൂപ നിരക്കിൽ അനുവദിച്ചുകൊണ്ടും ഇതിനാവശ്യമായ തുക തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ തനത് ഫണ്ടിൽ നിന്ന് ചെലവഴിക്കേണ്ടതാണെന്നും ഉത്തരവായിട്ടുണ്ട്. എന്നാൽ മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) നിർവ്വഹണോദ്യോഗസ്ഥനായി നടപ്പിലാക്കിയ പാലിയേറ്റീവ് കെയർ പ്രോജക്റ്റിലുൾപ്പെടുത്തി(പ്രോജക്റ്റ് നം.33/21) പാലിയേറ്റീവ് കെയർ നേഴ്സായ ശ്രീമതി ബിജി പോളിന് 2020 സെപ്റ്റംബർ മാസം മുതൽ 2021 ഫെബ്രുവരി മാസം വരെ ഇൻസെന്റീവ് ഇനത്തിൽ 6000 രൂപ വികസനഫണ്ട്(ജനറൽ)ൽ നിന്നും താഴെപറയും പ്രകാരം നൽകിയിട്ടുണ്ട്.

MO

| ബിൽ നം. | ബില്ലിൽ നിന്നും ഇൻസെന്റീവ് ഇനത്തിൽ നൽകിയ തുക |
|---|---|
| 17/12.1.21 | 3000 |
| 18/12.1.21 | 1000 |
| 21/19.2.21 | 1000 |
| 23/4.3.21 | 1000 |
| ആകെ | 6000 |

ഇപ്രകാരം സർക്കാർ ഉത്തരവിന് വിരുദ്ധമായി 2020 സെപ്റ്റംബർ മുതലുള്ള മാസങ്ങളിൽ തനത് ഫണ്ടിൽ നിന്ന് നൽകാതെ വികസനഫണ്ടിൽ നിന്ന് തന്നെ ഇൻസെന്റീവ് നൽകിയതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 6/17.6.2022) മറുപടി ലഭ്യമായില്ല. തുക സഞ്ചിതനിധിയിൽ തിരികെ ഒടുക്കിയശേഷം വിവരം അറിയിക്കേണ്ടതാണ്.

**1-22 മരങ്ങോലി സബ്സെന്റർ അറ്റകുറ്റപ്പണി - വിനിയോഗവിവരമില്ല.**

| | |
|---|---|
| പ്രോജക്റ്റ് നമ്പർ | 185/21 |
| ചെലവ്, ഫണ്ടിനം | 271000 (റോഡിതര സംരക്ഷണ ഗ്രാന്റ് ) |
| ബിൽ നമ്പർ, തീയതി | 1/ 26.5.20 |
| നിർവ്വഹണോദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) |

മേൽ പ്രോജക്റ്റിന്റെ നിർവ്വഹണത്തിനായി ഗ്രാമപഞ്ചായത്ത് വിഹിതമായി 271000 രൂപ ആരോഗ്യകേരളത്തിന്റെ അക്കൗണ്ടിലേക്ക് നൽകിയിട്ടുണ്ട്. നാളിതുവരെ തുക വിനിയോഗിച്ചതിന്റെയോ

സബ്സെന്റർ അറ്റകുറ്റപ്പണി പൂർത്തിയാക്കിയതിന്റെയോ രേഖകൾ ഓഡിറ്റിന് ലഭ്യമായില്ല. ഗ്രാമപഞ്ചായത്തിൽ അസി. എഞ്ചിനീയർ നിർവ്വഹണോദ്യോഗസ്ഥനായിരിക്കെ മെഡിക്കൽ ഓഫീസറെ നിർവ്വഹണോദ്യോഗസ്ഥനാക്കി ആരോഗ്യകേരളം മുഖാന്തിരം പ്രോജക്ട് നിർവ്വഹിച്ചതിന്റെ കാരണം വ്യക്തമല്ല. മരങ്ങോലി സബ്സെന്റർ അറ്റകുറ്റപ്പണിയുടെ ആകെ അടങ്കൽ , ചെലവ് വിരങ്ങളും ലഭ്യമായിട്ടില്ല. അപാകത ചൂണ്ടിക്കാട്ടി ഓഡിറ്റ് എൻക്വയറി (നമ്പർ 8/17.06.2022) നൽകുകയുണ്ടായി. നിർവ്വഹണോദ്യോഗസ്ഥനെന്ന നിലയിൽ തുക കൈമാറുക മാത്രമാണ് ചെയ്തതെന്നും മറ്റ് വിവരങ്ങൾ അറിയില്ലെന്നാമാണ് ലഭിച്ച മറുപടി. രണ്ടു വർഷം മുമ്പ് തുക കൈമാറിയിട്ടും നാളിതുവരെ അറ്റകുറ്റപ്പണി ആരംഭിക്കാത്തത് ക്രമപ്രകാരമല്ല. അതിനാൽ 271000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

**1-23 കാട്ടാമ്പാക്ക് പി.എച്ച്.സി നവീകരണം - നാളിതുവരെ ആരംഭിച്ചില്ല.**

ആർദ്രം പദ്ധതിയിലുൾപ്പെടുത്തി കാട്ടാമ്പാക്ക് പി.എച്ച്.സി നവീകരണം എന്ന പ്രോജക്ടിനായി തൻവർഷം രണ്ട് പ്രോജക്ടുകൾ രൂപീകരിച്ച് ജില്ലാപഞ്ചായത്ത്/ഗ്രാമപഞ്ചായത്ത് വിഹിതങ്ങൾ ആരോഗ്യകേരളത്തിന്റെ അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രോജക്ട് നമ്പർ | 184/21 | 36/21 |
|---|---|---|
| ചെലവ്, ഫണ്ടിനം | 7,50,000 (റോഡിതര സംരക്ഷണ ഗ്രാന്റ് ) 22,00000 (ജില്ലാപഞ്ചായത്ത് വിഹിതം) | 5,00000 (ജില്ലാപഞ്ചായത്ത് വിഹിതം) |
| ബിൽ നമ്പർ, തീയതി | 9/ 28.7.20 2/26.5.20- 289419 3/14.5.20 - 460581 | 20/22.1.21 |
| നിർവ്വഹണോദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ (പിഎച്ച്സി) | മെഡിക്കൽ ഓഫീസർ (പിഎച്ച്സി) |

മേൽ പ്രോജക്ടിന്റെ ആകെ അടങ്കൽ എത്രയെന്ന് വ്യക്തമല്ല. രണ്ട് വർഷത്തോളമായി ആരോഗ്യകേരളത്തിന്റെ അക്കൗണ്ടിലേക്ക് തുകകൾ ട്രാൻസ്ഫർ ചെയ്തെങ്കിലും നാളിതുവരെ നിർമ്മാണം ആരംഭിക്കാത്തതിന് കാരണം വ്യക്തമല്ല. പ്രോജക്ട് നമ്പർ 36/21 പ്രകാരം 28,75,000 രൂപ അടങ്കൽ കണക്കാക്കിയെങ്കിലും ആകെ ജില്ലാപഞ്ചായത്ത് വിഹിതം മാത്രമാണ് ലഭ്യമായത്. നാളിതുവരെ പ്രവൃത്തി ആരംഭിക്കാത്തതിന് വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (നമ്പർ 9/17.06.2022) നൽകുകയുണ്ടായി. പുതുതായി പി.എച്ച്.സി കെട്ടിടം നിർമ്മിക്കാനുദ്ദേശിക്കുന്ന സ്ഥലം കുന്നംപ്രദേശമായതിനാൽ വലിയ തോതിൽ മണ്ണ് നീക്കേണ്ടിവരുമെന്നും അതിന്റെ ഫലമായാണ് നിർമ്മാണം താമസിക്കുന്നതെന്നുമാണ് ലഭിച്ച മറുപടി. 20.6.22 ന് ടി സ്ഥലത്ത് പ്രാദേശിക പരിശോധന നടത്തുകയുണ്ടായി. മണ്ണെടുപ്പ് അവസാന സ്റ്റേജിലാണെന്ന് പരിശോധനയിൽ ബോദ്ധ്യപ്പെട്ടു. മണ്ണെടുപ്പുൾപ്പെടെയുള്ള ആവശ്യമായ ഭൗതിക സൗകര്യങ്ങളൊരുക്കാതെയാണ് നിർമ്മാണത്തിന്റെ എസ്റ്റിമേറ്റ് എടുക്കുകയും വലിയ തുക ആരോഗ്യകേരളത്തിന്റെ അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്യുകയും. രണ്ട് വർഷം മുമ്പ് എടുത്ത എസ്റ്റിമേറ്റ് പിന്നീട് റിവൈസ് ചെയ്യേണ്ടി വരുമെന്നതിനാൽ നിർമ്മാണം ഇനിയും വൈകാനാണ് സാദ്ധ്യത. യാതൊരു മുന്നൊരുക്കങ്ങളുമില്ലാതെ സർക്കാർ ഫണ്ട് മുൻകൂറായി നൽകിയ നടപടി ക്രമപ്രകാരമല്ല. അപാകതകൾ പരിഹരിച്ച് വിവരം അറിയിക്കുന്നതിലേക്കായി 34,50,000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

**1-24 സ്വകാര്യ എയ്ഡഡ് സ്കൂളിൽ ശുചി മുറി നിർമ്മാണം- സർക്കാർ നിർദ്ദേശം കൃത്യമായി പാലിച്ചിട്ടില്ല**

| പ്രോജക്റ്റ് നമ്പർ / പദ്ധതി | ബിൽ നമ്പർ / തീയതി | ഫണ്ട് | തുക |
|---|---|---|---|
| 203/21-സ്കൂളിൽ ശുചി മുറി നിർമ്മാണം .സി എം എസ് യു.പി സ്കൂൾ സി എം എസ് എൽ പി എസ് വിളയംകോട് | 2200010142/22.05.2020 | തനത് ഫണ്ട് (നിർമ്മൽ പുരസ്കാർ) | 499725 |

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണം നടത്തിയ ടി പ്രോജക്ട് പ്രകാരം ഗ്രാമപഞ്ചായത്തിലെ 2 സ്വകാര്യ എയ്ഡഡ് സ്കൂളുകൾക്ക് ടോയ്‌ലറ്റ് കോംപ്ലക്സ് നിർമ്മിച്ച് നൽകിയിട്ടുണ്ട്. 'പതിമൂന്നാം പദ്ധതി മാർഗ്ഗ രേഖ ഖണ്ഡിക 7.6.8 പ്രകാരം എല്ലാ സർക്കാർ സ്കൂളുകളിലും നിശ്ചിത മാനദണ്ഡങ്ങൾ പ്രകാരം യൂറിനലുകളും , ടോയ്‌ലെറ്റും , വാഷ് ബേസിനും അവയിൽ ജല ലഭ്യതയും ശുചിത്വ സൗകര്യങ്ങളും ഏർപ്പെടുത്തിയതിന് ശേഷം എയ്ഡഡ് സ്കൂളുകളിൽ ഇത്തരം സൗകര്യങ്ങൾ ഏർപ്പെടുത്താവുന്നതാണ്. ഗ്രാമ പഞ്ചായത്ത് പരിധിയിലുള്ള ഗവ. സ്കൂളുകളായ ഗവ എൽ പി എസ് കാട്ടാമ്പാക്ക് , ഗവ. യു പി എസ് കാട്ടാമ്പാക്ക്, ഗവ എൽ പി എസ് മരങ്ങോലി എന്നീ സ്കൂളുകളിൽ ടി സൗകര്യങ്ങൾ ഏർപ്പെടുത്തിയത് സംബന്ധിച്ച് ബന്ധപ്പെട്ട വകുപ്പിൽ നിന്നുള്ള സാക്ഷ്യപത്രം ഫയലിൽ ലഭ്യമാക്കിയിട്ടില്ല. ഈ സാഹചര്യത്തിൽ സർക്കാർ നിർദ്ദേശം പാലിച്ചിട്ടുണ്ടോ എന്ന് ഉറപ്പാക്കുവാൻ നൽകിയ 21/20.06.2022 നമ്പർ ഓഡിറ്റ് അന്വേഷണകുറിപ്പിന് മറുപടി ലഭ്യമാക്കിയില്ല. ബന്ധപ്പെട്ട രേഖകൾ പരിശോധനയ്ക്കായി ലഭ്യമാക്കേണ്ടതും സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾ കൃത്യമായി പാലിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതുമാണ് .

A E

**1-25 ടാർവീപ്പകളുടെ വില – നിശ്ചിത ശീർഷകത്തിൽ സർക്കാരിലേക്ക് അടവാക്കിയിട്ടില്ല**

തദ്ദേശ സ്വയംഭരണവകുപ്പിന്റെ 30.10.17-ലെ 59827/എഫ്.എം/07 നമ്പർ സർക്കുലർ പ്രകാരം ടാറിംഗ് പ്രവൃത്തികളിൽ ഉപയോഗിക്കുന്ന ടാർവീപ്പകളുടെ വില ഏത് ഫണ്ടിൽനിന്നാണോ ടാർ വാങ്ങിയത് അഥവാ ഏത് ഫണ്ട് വിനിയോഗിച്ചാണോ പ്രവൃത്തി നടത്തിയത് അതേ ഫണ്ടിലേക്ക്, ധനകാര്യവകുപ്പിന്റെ 12.4.06-ലെ ജി.ഒ.(പി)177/06 നമ്പർ ഉത്തരവിലെ ഖണ്ഡിക 10.3 പാലിച്ച് തിരിച്ചടയ്ക്കേണ്ടതാണ്. റോഡ് ടാറിംഗ് പ്രവൃത്തികളുടെ ഫയൽ പരിശോധിച്ചതിൽ ബാരൽവില ഉൾപ്പെടെയുള്ള തുക ട്രഷറിയിൽനിന്നും പിൻവലിച്ചിട്ടുണ്ടെങ്കിലും ആയത് നിശ്ചിത ശീർഷകത്തിൽ സർക്കാരിലേക്ക് തിരിച്ചടയ്ക്കാതെ പഞ്ചായത്തിന്റെ തനതുഫണ്ടിലേക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തിട്ടുള്ളതായി കാണുന്നു. 2020-21 വാർഷികകണക്കുപ്രകാരം 85204/- രൂപ ഇത്തരത്തിൽ തനതുഫണ്ടിൽ അവശേഷിക്കുന്നുണ്ട്. ടാർവീപ്പകളുടെ വിലയോടൊപ്പം ഈടാക്കിയിട്ടുള്ള 18% ജി.എസ്.റ്റി ഉൾപ്പെടെയുള്ള തുകയാണ് ഇപ്രകാരം 150120102 Sale Of Empties And Waste Materials എന്ന ശീർഷകത്തിൽ തനത് ഫണ്ട് അക്കൗണ്ടിൽ സൂക്ഷിച്ചിരിക്കുന്നത്. സർക്കാരിന് അർഹതപ്പെട്ട തുകയായതിനാൽ ബാലൻസ് ഷീറ്റിൽ Liabilities Headൽ ആയിരുന്നു ഉൾപ്പെടുത്തേണ്ടിയിരുന്നത്.

SW

രേഖാമൂലം മറുപടി ലഭ്യമാക്കുന്നതിനും പരിഹാരനടപടികൾ സ്വീകരിക്കുന്നതിലേക്കുമായി അപാകത ശ്രദ്ധയിൽപ്പെടുത്തിയിരുന്നു (നം.6/16.06.2022). ബാരൽവില ഇനത്തിൽ തനതുഫണ്ടിൽ ക്രെഡിറ്റ് ചെയ്തിട്ടുള്ള തുക അതാത് ഫണ്ട് ശീർഷകത്തിൽ തിരിച്ചടയ്ക്കേണ്ടതും ജി.എസ്.റ്റി തുക നിശ്ചിത ശീർഷകത്തിൽ ബന്ധപ്പെട്ട സ്ഥാപനത്തിൽ അടവാക്കേണ്ടതുമാണ്.

### 1-26 ലൈഫ് ഭവന പദ്ധതി ഗുണഭോതാക്കൾ ഭവന നിർമ്മാണം പൂർത്തിയാക്കുവാൻ അവശേഷിക്കുന്നു.

ലൈഫ് ഭവന പദ്ധതിയുമായി ബന്ധപ്പെട്ട് താഴെ ചേർക്കുന്ന ഗുണഭോക്താക്കൾ ഭവന നിർമ്മാണം പൂർത്തിയാക്കുവാൻ അവശേഷിക്കുന്നു.

| ക്രമ നമ്പർ | പേര് / വിലാസം | കൈപ്പറ്റിയ തുക |
|---|---|---|
| 1 | സുഷമ കുമാർ W/o വേണുഗോപാലൻ , വടക്കേനിരപ്പ് , ഞീഴൂർ | 216667 |
| 2 | ദിവ്യ ദേവി , W/o സുധീഷ് സുന്ദരം , പാലങ്ങാനം ഞീഴൂർ | 160000 |
| 3 | കുട്ടി , ഉള്ളാകുന്നേൽ , ഞീഴൂർ | 40000 |
| 4 | ആനന്ദവല്ലി ഷാജൻ പരുത്തും മാവിൽ | 200000 |
| 5 | വത്സമ്മാൾ തങ്കപ്പൻ , പറാട്ടിൽ , കട്ടുത്തുരുത്തി | 220000 |
| 6 | ജയൻ , കന്നാംപുറത്ത് , ഞീഴൂർ | 40000 |

ടി ഗുണഭോക്താക്കൾ ഭവന നിർമ്മാണം പൂർത്തിയാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതും അവ അസ്സസ്മെന്റ് നടത്തി സഞ്ചയ സോഫ്റ്റ് വെയറിൽ ഉൾപ്പെടുത്തിയിട്ടുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതുമാണ്.

### 1-27 കുടിവെള്ളപദ്ധതികളുടെ നടത്തിപ്പ് - രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ്

2020-21 വർഷം പഞ്ചായത്ത് ഏറ്റെടുത്ത വിവിധ കുടിവെള്ള പദ്ധതികളുടെ വകയിരുത്തിയതും ചെലവഴിച്ചതുമായ തുകയുടെ വിവരം ചുവടെ ചേർക്കുന്നു.

| | | |
|---|---|---|
| 191/21 | തിരുവമ്പാടി ലക്ഷം വീട് കോളനി -കുടിവെള്ള പദ്ധതി | വകയിരുത്തിയത് 100000<br>ചെലവ്------ |
| 564/21 | മുട്ടക്കാട് കുടിവെള്ളപദ്ധതി | വകയിരുത്തിയത് -195578<br>ചെലവ് ----- |
| 181/21 | വിളയം കോട് കുടിവെള്ളപദ്ധതി | വകയിരുത്തിയത് 150000<br>ചെലവ് 149903 |

മേൽ സൂചിപ്പിച്ചവ കൂടാതെ മുപ്പത്തി അഞ്ചോളം കുടിവെള്ള പദ്ധതികൾ ആസ്തി രജിസ്റ്റർ പ്രകാരം സൂചിപ്പിച്ചിട്ടുണ്ട്. കുടിവെള്ളപദ്ധതികൾ സംബന്ധിച്ച പൂർണ്ണമായ പ്രോജക്റ്റ് റിപ്പോർട്ട് ഇല്ലാത്തതിനാൽ നിർവ്വഹണം സംബന്ധിച്ച വിശദമായ പരിശോധന ദുഷ്കരമാണ്. കുടിവെള്ള പദ്ധതികളുടെ നിലവിലെ സ്ഥിതി, മറ്റ് സ്ഥാപനങ്ങളിൽ നിന്ന് നിർവ്വഹണം നടത്തിയ പ്രവൃത്തികൾ (ജില്ലാ/ബ്ലോക്ക് പഞ്ചായത്തുകൾ), പ്രോജക്ടുകൾ തയ്യാറാക്കുന്നുണ്ടെങ്കിലും നിർവ്വഹണം നടത്താൻ കഴിയാത്ത സാഹചര്യം (ഏതാനും പ്രോജക്ടുകൾക്ക് മാത്രമാണ് ചെലവ് വന്നിട്ടുള്ളത്) എന്നിവ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഏറ്റെടുത്ത പ്രോജക്ടുകൾ സമയബന്ധിതമായി പൂർത്തീകരിച്ച് ജനങ്ങൾക്ക് ഉപയോഗപ്രദമാക്കുന്നതിനൊപ്പം ആവശ്യമുള്ള പ്രവൃത്തികൾക്ക് മാത്രമാണ് പ്രോജക്ടുകൾ തയ്യാറാക്കുന്നത് എന്ന് ഉറപ്പുവരുത്തേണ്ടതാണ്. ഗ്രാമപഞ്ചായത്ത് തുക ചെലവഴിച്ച് നിർമ്മിച്ച എല്ലാ

കടിവെള്ള ജലസേചന പദ്ധതികളുടെയും വിശദാംശങ്ങൾ ഉൾപ്പെടുത്തി രജിസ്റ്റർ തയാറാക്കേണ്ടതാണ്/ആസ്തി രജിസ്റ്റർ വിശദാംശങ്ങൾ ചേർത്ത് കാലികമാക്കി പരിശോധനകൾക്ക് ലഭ്യമാക്കേണ്ടതാണ്.

**1-28 ബ്ലോക്ക് പഞ്ചായത്ത് /ജില്ലാപഞ്ചായത്ത് വിഹിതമിനത്തിൽ മുൻ വർഷങ്ങളിൽ ലഭിച്ച തുക തിരിച്ചടവാക്കാതെ അവശേഷിക്കുന്നു**

2020-21 സാമ്പത്തിക വർഷത്തെ ഗ്രാമപഞ്ചായത്തിന്റെ വാർഷിക ധനകാര്യപത്രിക ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B4 പ്രകാരം സംയുക്ത പ്രൊജക്ടുകൾക്കായി മുൻ വർഷങ്ങളിൽ ലഭ്യമായതും നാളിതുവരെ ചെലവഴിക്കാതെ അവശേഷിക്കുന്നതുമായ ബ്ലോക്ക് പഞ്ചായത്ത് വിഹിതമിനത്തിൽ 868587/- രൂപയും, ജില്ലാപഞ്ചായത്ത് വിഹിതമിനത്തിൽ 1642736 രൂപയും ബാധ്യതയായി കാണിച്ചിട്ടുണ്ട്. ആയത് സാമ്പത്തിക വർഷത്തിൽ ബ്ലോക്ക്പഞ്ചായത്ത്/ജില്ലാപഞ്ചായത്ത് വിഹിതമിനത്തിൽ വരവുവന്ന തുകയിൽ ചെലവഴിക്കാതെ അവശേഷിച്ച തുകയാണിത്. ഓഡിറ്റ് സമയത്തെ തുടർ പരിശോധനയിൽ ആയത് നാളിതുവരെ ചെലവഴിക്കുകയോ തിരികെ അടവാക്കുകയോ ചെയ്തു കാണുന്നില്ല. മാത്രമല്ല വാർഷിക കണക്ക പ്രകാരം സംയുക്ത പ്രൊജക്ടുകൾക്കായി ട്രഷറിയിലുള്ള ജോയിന്റ് വെഞ്ചർ അക്കൗണ്ടിൽ 1000000 രൂപ നീക്കിയിരിപ്പുണ്ട്. സംയുക്ത പ്രോജക്ടുകൾക്കായി വന്ന ജില്ലാ/ബ്ലോക്ക് പഞ്ചായത്ത് വിഹിതമിനത്തിൽ 2511323 രൂപ ബി4 പട്ടിക പ്രകാരം ശേഷിക്കെ ട്രഷറിയിലുള്ള ജോയിന്റ് വെഞ്ചർ അക്കൗണ്ടിൽ 1000000 രൂപ മാത്രം അവശേഷിക്കുന്നതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല. ആയത് ലഭ്യമാക്കേണ്ടതും, ചെലവഴിക്കാതെ അവശേഷിക്കുന്ന ബ്ലോക്ക് പഞ്ചായത്ത് വിഹിതം 9,82,736/- രൂപ തിരികെ അടവാക്കി അറിയിക്കേണ്ടതുമാണ്. കൂടാതെ വെയിറ്റിംഗ് ഷെഡ് നിർമ്മിക്കുന്നതിനായി വരവ് വന്ന ജില്ലാപഞ്ചായത്ത് വിഹിതം തനത് ഫണ്ട് അക്കൗണ്ടിൽ ക്രെഡിറ്റ് ആയതിന്റെ കാരണവും വ്യക്തമാക്കേണ്ടതാണ്.

SCC

**1-29 ബഡ്സ് സ്കൂൾ നിർമ്മാണം അനിശ്ചിതത്വത്തിൽ - ലഭ്യമായ ഫണ്ട് പാഴാകുന്നു**

സ.ഉ (കൈ) നം.22/2018/ തസ്വഭവ തി.14.2.2018 പ്രകാരമുള്ള പദ്ധതി മാർഗ്ഗരേഖ ഖ 7.1.8 ൽ തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് ശാരീരിക - മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികളുടെ പുനരധിവാസത്തിന് കുടുംബശ്രീയുടെ സഹായത്തോടെ ബഡ്സ് സ്കൂൾ/ബഡ്സ് റിഹാബിലിറ്റേഷൻ സെന്റർ ആരംഭിക്കാമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്തിൽ നിലവിൽ ഇത്തരം സ്ഥാപനങ്ങൾ തുടങ്ങുന്നതിന് അഞ്ചുവർഷം മുൻപു തീരുമാനമെടുത്തിരുന്നുവെങ്കിലും നാളിതുവരെ കെട്ടിടനിർമ്മാണം പൂർത്തീകരിച്ചിട്ടില്ല. നിലവിൽ ഗ്രാമപഞ്ചായത്തിൽ മാനസിക വെല്ലുവിളികൾ നേരിടുന്ന 32 കുട്ടികൾ ഉള്ളതായി സ്റ്റാറ്റസ് റിപ്പോർട്ടിൽ പരാമർശിച്ചിട്ടുണ്ട്. ഇവരുടെ ശാരീരിക - മാനസിക വികാസത്തിനും, വൊക്കേഷണൽ ട്രെയിനിങ്ങിനും ആവശ്യമായ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നതിനും, സൗകര്യങ്ങൾ ഒരുക്കുന്നതിനും ഗ്രാമപഞ്ചായത്തുകൾക്ക് വലിയ ഉത്തരവാദിത്തമുണ്ട്. എന്നാൽ ഇത് നിർവ്വഹിക്കുന്നതിന് ഗ്രാമപഞ്ചായത്തിന് കഴിഞ്ഞിട്ടില്ല. ബഡ്സ് സ്കൂൾ നിർമ്മാണത്തിനായി നാളിതുവരെ ചെലവഴിച്ച ഫണ്ടിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

AE

| പ്രോജക്ട് നം-പ്രോജക്ടിന്റെ പേര് | സാമ്പത്തിക വർഷം | നിർവ്വഹിച്ച/ നിർവ്വഹിക്കേണ്ട പ്രവൃത്തി | ഫണ്ട് ഇനം (വകയി രുത്തിയത്) | ചെലവഴിച്ചത് | കോൺട്രാക്ടർ |
|---|---|---|---|---|---|
| 119/18ബഡ്സ്കൂൾ നിർമ്മാണം (New)) | 2017-18 | കെട്ടിടനിർമ്മാണം | 500000 (ബ്ളോക്ക് വിഹിതം) 200000(പദ്ധതി വിഹിതം) 800000(CFC) | ചെല വഴിച്ചില്ല. | കെ.കെ ശശിധരൻ നായർ |

| | | | | | |
|---|---|---|---|---|---|
| 147/19ബഡ്സ്കൂൾ നിർമ്മാണം (Spillover) | 2018-19 | കെട്ടിട നിർമ്മാണം | 1500000 | 800000(CFC) 77874(പദ്ധതി വിഹിതം) 135000 (ബ്ലോക്ക് വിഹിതം) | " " |
| 116/20ബഡ്സ്കൂൾ പൂർത്തീകരണ ണം(New)) | 2019-20 | കെട്ടിട നിർമ്മാണം | 500000(CFC) 1000000(MLA Fund) | ചെലവഴിച്ചില്ല. | " " |
| 223/21 ബഡ്സ്കൂൾ പൂർത്തീകരണം (Spillover) | 2020-21 | കെട്ടിട നിർമ്മാണം | 1500000 | 500000(CFC) എം.എൽ.എ ഫണ്ട് ലഭ്യമായില്ല. | " " |



നാളിതുവരെ പതിനഞ്ച് ലക്ഷത്തിലധികം രൂപ ചെലവഴിച്ച കെട്ടിടത്തിന്റെ രൂപരേഖയിൽ ശുചിമുറി ഉൾപ്പെടുത്തിയിരുന്നില്ല. 20.06.2022-ൽ നടത്തിയ ഭൗതിക പരിശോധനയിൽ ഇനിയും വൻതുക ചെലവഴിച്ചെങ്കിൽ മാത്രമെ ബഡ്സ്കൂൾ പൂർത്തീകരിക്കാൻ കഴിയുകയുള്ളൂ എന്ന് വ്യക്തമായി. ലഭ്യമായ ഫണ്ടുകൾ യഥാസമയം വിനിയോഗിച്ച് പദ്ധതി എത്രയും വേഗം പൂർത്തീകരിക്കുന്നതിന് ഭരണസമിതിയുടെ അടിയന്തിര ശ്രദ്ധ ടി വിഷയത്തിലേയ്ക്ക് ക്ഷണിക്കുന്നു.

## 1-30 കോവിഡ് 19 പ്രതിരോധ പ്രവർത്തനങ്ങൾ

കോവിഡ് കെയർ സെന്റർ നടത്തിപ്പിനായും അനുബന്ധചെലവുകൾക്കായും 406952 രൂപ 2020-21 വർഷം ഗ്രാമപഞ്ചായത്ത് കോവിഡ് പ്രവർത്തനങ്ങൾക്കായി ചെലവഴിച്ചിരുന്നു. 321895 രൂപ ജില്ലാദുരന്ത നിവാരണ അതോറിറ്റിയിൽ നിന്നും ചുവടെ ചേർക്കും പ്രകാരം തിരികെ ലഭിച്ചിട്ടുണ്ട്.

| ഉത്തരവ് നം / തീയതി | തുക (രൂപ) |
|---|---|
| DM1-6182/20 /CCC/30.09.2020 | 221895 |

| | |
|---|---|
| DMI-6182/20/ccc/12.05.2021 | 100000 |
| ആകെ | 321895 |

കോവിഡ് പ്രവർത്തന ഫണ്ട് നിക്ഷേപിക്കുന്നതിനായി ട്രഷറിയിൽ സ്പെഷ്യൽ TSB അക്കൗണ്ട് 18/08/20 ൽ ഇടങ്ങിയെങ്കിലും പ്രസ്തുത അക്കൗണ്ടിലൂടെ പണമിടപാട് നടത്തിയിരുന്നില്ല. 19-20 , 20-21 വർഷം കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്കായി രസീത് മുഖേന സംഭാവന ശേഖരിച്ചിരുന്നില്ല. സാധന സാമഗ്രികളായാണ് സംഭാവനകൾ കൂടുതലും ലഭ്യമായത്. ഇതുസംബന്ധിച്ച സ്റ്റോക്ക് രജിസ്റ്റർ പരിശോധനയ്ക്ക് ലഭ്യമായില്ല.

ബന്ധപ്പെട്ട സർക്കാർ ഉത്തരവുകൾ പാലിച്ച് നടപ്പിലാക്കിയ ഗ്രാമപഞ്ചായത്തിന്റെ കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ വളരെ ഫലപ്രദമായിരുന്നുവെന്നാണ് ഓഡിറ്റിന് ലഭ്യമായ രേഖകളിൽ നിന്ന് വ്യക്തമാകുന്നത്.

## 1-31 വിനിയോഗവിവരം ലഭ്യമാകാത്ത പ്രോജക്ട് ചെലവുകൾ

തൻവർഷം സെക്രട്ടറി നിർവ്വഹിച്ച ചുവടെ ചേർക്കുന്ന പ്രോജക്ടുകൾക്കായി വിവിധ സ്ഥാപനങ്ങളിൽ തുക നൽകിയിട്ടുണ്ട്. ആയതിന്റെ വിനിയോഗവിവരം ലഭ്യമായിട്ടില്ല.

| ക്രമ നമ്പർ | പ്രോജക്ട് നമ്പർ,പേര് | ചെലവ് തുക,ഫണ്ടിനം | ബിൽ /ചെക്ക് നമ്പർ തീയതി | സ്ഥാപനം |
|---|---|---|---|---|
| 1 | 1/21 ഐ.കെ.എം വിഹിതം നൽകൽ | 56405/- വികസനഫണ്ട് ജനറൽ | 11/24.8.20 | ഐ.കെ.എം |
| 2 | 4/21 എസ്.എസ് എ വിഹിതം | 200000/- വികസനഫണ്ട് ജനറൽ | 15/11.11.20 | എസ്.എസ് എ കോട്ടയം |
| 3 | 264/21 എ.ബി.സി പ്രോഗ്രാം വിഹിതം നൽകൽ | 210000/- വികസനഫണ്ട് ജനറൽ | 17/11.11.20 | കുടുംബശ്രീ ജില്ലാ മിഷൻ |
| 4 | 270/21 ജില്ലാ ആസൂത്രണ സമിതിക്ക് കെട്ടിട നിർമ്മാണം. | 275000/- ധനകാര്യകമ്മീഷൻ ഗ്രാന്റ് | 30/ 17.2.21 | ജില്ലാ പ്ലാനിംഗ് ഓഫീസ് |
| | ആകെ | 741405 | | |

വിനിയോഗവിവരം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 4/16.06.2022) മറുപടി ലഭിച്ചില്ല. വിനിയോഗവിവരം ലഭ്യമാക്കുന്നതിലേക്കായി 741405 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

See sh/-

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യപത്രിക

| പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയ വിവരംവർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി |
|---|---|
| 2020-21 | 14.06.2022 |

ഓഡിറ്റ് ചെയ്ത വാർഷിക ധനകാര്യപത്രികയിലെ ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ട്, റസീറ്റ് ആന്റ് പേയ്മെന്റ് അക്കൗണ്ട്, ബാലൻസ് ഷീറ്റ്, ഓഡിറ്റ് സർട്ടിഫിക്കറ്റ് എന്നിവ അനുബന്ധമായി ചേർത്തിരിക്കുന്നു.

### 4-2 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നല്കിയ സ്ഥാപനം | തുക ലഭിച്ച തീയതി | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാക്കി |
|---|---|---|---|---|---|
| കടുത്തുരുത്തി ബ്ലോക്ക് പഞ്ചായത്ത് | --- | 250000 | 71/21ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ് | 250000 | |
| ബ്ലോക്ക് പഞ്ചായത്ത് | --- | 7500 | 28/21നെൽകൃഷി വികസനകൂലിചെലവ് | 7500 | |
| കടുത്തുരുത്തി ബ്ലോക്ക് പഞ്ചായത്ത് | ---- | 50000 | 161/21ലൈഫ് ഭവനനിർമ്മാണം | 50000 | |
| ആകെ | | 307500 | | | |
| കോട്ടയം ജില്ലാ പഞ്ചായത്ത് | | 500000 | 36/21 ആർദ്രം പദ്ധതി-കാട്ടാമ്പാക്ക്പ്രാഥമികാരോഗ്യകേന്ദ്രം നവീകരണം | 500000 | |
| കോട്ടയം ജില്ലാ പഞ്ചായത്ത് | | 2200000 | 184/21ആർദ്രം പദ്ധതി-കാട്ടാമ്പാക്ക്പ്രാഥമികാരോഗ്യകേന്ദ്രം നവീകരണം | 2200000 | |

| | | | | | |
|---|---|---|---|---|---|
| കോട്ടയം ജില്ലാ പഞ്ചായത്ത് | | 500000 | 156/21 ലൈഫ് ഭവനനിർമ്മാണം(എസ്സ്സി) | 500000 | |
| കോട്ടയം ജില്ലാ പഞ്ചായത്ത് | | 50725 | 169/21പാലിന് ഇൻസെന്റീവ് | 50725 | |
| കോട്ടയം ജില്ലാ പഞ്ചായത്ത് | | 300000 | 241/21ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ് | 300000 | |
| ആകെ | | 3550725 | | | |

## 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ നിക്ഷേപപ്രവൃത്തികൾ ഇല്ല.

## 4-4 മൊബിലൈസേഷൻ അഡ്വാൻസ്

മൊബിലൈസേഷൻ അഡ്വാൻസ് നല്കിയിട്ടില്ല.

## 4-5 വായ്പ/വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തീയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് ഭവന പദ്ധതി | ജി.ഒ (എം.എസ്) 100/2018, 30.07.2018 | | 46,16,507 | 438823 | - | 4177684 |
| ഇഎംഎസ് ഭവന പദ്ധതി | --- | | 11,84,942 (പലിശ) | - | - | 11,84,942 (പലിശ) |

## 4-6 സ്ഥിരനിക്ഷേപങ്ങൾ

ഓഡിറ്റ് വർഷം പഞ്ചായത്തിന് സ്ഥിരനിക്ഷേപങ്ങളില്ല.

## 4-7 ഓഡിറ്റ് റിക്കവറി

ഓഡിറ്റ് റിക്കവറി ഇല്ല

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം.

സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | സ്ഥാപനം | ഓഡിറ്റ് വർഷം/ഖണ്ഡിക | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | നിലവിലെ അവസ്ഥ |
|---|---|---|---|---|

| | | നം. | വിഷയം/അനുബന്ധം | |
|---|---|---|---|---|
| 1 | ഞീഴൂർ ഗ്രാമ പഞ്ചായത്ത് | 2019-20 1-15 | പാലിയേറ്റീവ് കെയർ വാഹനം വാടകയ്ക്ക് എടുത്തതിൽ അപാകത | സമിതി പരിഗണിച്ചിട്ടില്ല |
| 2 | ഞീഴൂർ ഗ്രാമ പഞ്ചായത്ത് | 2019-20 1-19 | തുമ്പൂർമുഴി എയ്റോബിക് കമ്പോസ്റ്റ് സ്ഥാപിതം തുടർ പ്രവർത്തനങ്ങൾ ഇല്ല | സമിതി പരിഗണിച്ചിട്ടില്ല |

**4-9 ചാർജ്/സർചാർജ് നടപടികളുടെ വിവരം**

ചാർജ്ജ് / സർചാർജ്ജ് നടപടികളിൽ ഉൾപ്പെട്ട ഖണ്ഡികകൾ നിലവിൽ ഇല്ല.

**4-10 ഓഡിറ്റ് പ്രത്യവലോകനം**

**(എ) സംക്ഷിപ്ത വിവരം**

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് (മുന്നിരിപ്പ് ഉൾപ്പെടെ) | : 86907920 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : 70411269 |
| വരവിനങ്ങളിലുള്ള നഷ്ടം | : ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : 4466505 |

(ചെലവിനങ്ങളിലുള്ള നഷ്ടം, വരവിനങ്ങളിലുള്ള നഷ്ടം എന്നിവ ബി യിലേയും സി യിലേയും തുകയാണ്.)

**(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം**

ഇല്ല

**ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക**

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-19 | 4100 | ശ്രീമതി അമ്പികാദേവി കെ, അസി. സെക്രട്ടറി |
| 1-22 | 271000 | ഡോ. അലക്സ് തോമസ്, മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) |
| 1-23 | 3450000 | ഡോ. അലക്സ് തോമസ്, മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) |
| 1-31 | 741405 | ശ്രീമതി മിനി മാത്യു |
| ആകെ | 4466505 | |

**(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം**

ഇല്ല

**(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ**

1-14

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

ഇല്ല

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 98-99(ചെലവ്) | കെ.എസ്.എ.കെ.ടി.എം പി8(അദാ18)/38(2)/18 തീയതി. 4.1.18/21.3.18 | 1 |
| 99-2000 | കെ.എസ്.എ.കെ.ടി.എം പി81926/18 തീയതി 19.05.2019 | 03 |
| 2000-01 | കെ.എസ്.എ.കെ.ടി.എം പി8(അദാ18)/38(4)/18 തീയതി 9.1.18/21.3.18 | 03 |
| 2001-02 | കെ.എസ്.എ.കെ.ടി.എം പി8(അദാ18)/38(5)/18 തീയതി 9.1.18/21.3.18 | 02 |
| 2005-06 | കെ.എസ്.എ.കെ.ടി.എം പി8(അദാ18)/38(8)/18 തീയതി 4.1.18/21.3.18 | 1 |
| 2009-10, 2010-11 | കെ.എസ്.എ.കെ.ടി.എം പി8(അദാ18)/38(11)/18 തീയതി 9.1.18/21.3.18 | 1 |
| 2011-12 | കെ.എസ്.എ.കെ.ടി.എംപി81926/2018(1)18.05.2019 | 3 |
| 2012-13 | കെ.എസ്.എ.കെ.ടി.എം പി8/4832/18/19.05.2019 | |
| 2013-14, 14-15 | കെ.എസ്.എ.കെ.ടി.എം പി8/1021 /2019/10.02.2020 | 4 |
| 2015-16 | കെ.എസ്.എ.കെ.ടി.എം പി8-1832/18/19.05.2019 | 9 |
| 2016-17 | കെ.എസ്.എ.കെ.ടി.എം പി8-1832/18(3) /10.05.2019 | |
| 2017-18 | കെ.എസ്.എ.കെ.ടി.എം പി8-782/19/17.10.2019 | 7 |
| 2018-19 | കെ.എസ്.എ.കെ.ടി.എം പി8/1212/2021/01.12.2020 | 15 |
| 2019-20 | കെ.എസ്.എ.കെ.ടി.എം പി8/1182 /2021/21.05.2021 | 12 |

അവശേഷിക്കുന്ന ഖണ്ഡികകൾക്ക് വ്യക്തമായ മറുപടി അനുബന്ധരേഖകളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് ഉൾപ്പെടെ ഓഡിറ്റിൽ ഹാജരാക്കി റിപ്പോർട്ടുകൾ തീർപ്പാക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്